# അസ്മാബി കോളജിൽ നാക് റീ അക്രഡിറ്റേഷൻ വിലയിരുത്തൽ ആരംഭിച്ചു

**കൊടുങ്ങല്ലൂർ:** എം.ഇ.എസ് അസ്മാബി കോളജ് നാക് അക്രഡിറ്റേഷൻ പരിശോധന ആരംഭിച്ചു.

സി. ജി പ്രൈവറ്റ് യൂനിവേഴ്സിറ്റി പ്രൊ. വൈസ് ചാൻസിലർ പ്രഫ. അഞ്ജന ശർമ്മ, സിക്കിം യൂനിവേഴ്സിറ്റി സൈക്കോളജി വിഭാഗം പ്രഫ. ഡോ. സത്യനാഥ പാണ്ട, ഗവ. രാമനാരായണൻ ചെല്ലാറാം കോളജ് ഓഫ് കോമേഴ്സ് ആൻഡ് മാനേജ്മെന്റ് പ്രിൻസിപ്പൽ ഡോ. ബി. ചന്ദ്രശേഖര എന്നിവരടങ്ങുന്ന നാക് വിദഗ്ധ സംഘമാണ് വിലയിരുത്തുന്നത്.

കോളജിന്റെ പാഠ്യക്രമം, പഠന മികവ്, ഗവേഷണം, അടിസ്ഥാന സൗകര്യം, വിദ്യാർഥി പിന്തുണ, മാനേജ്മെന്റ് തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചാണ് നാക്ക് ഗ്രേഡിങ് നൽകുന്നത്.

വിദഗ്ധ സംഘത്തെ എം.ഇ.എസ് ഭാരവാഹികളായ ഡോ. പി.എ. ഫസൽ ഗഫൂർ, കെ.കെ. കുഞ്ഞു മൊയ്തീൻ, പി.കെ. മുഹമ്മദ് ഷമീർ, വി.എം. ഷൈൻ, എം.ഇ.എസ് എയിഡഡ് കോളജസ് കോർപറേറ്റ് മാനേജർ ഡോ. കെ.എ. ഹാഷിം, കോളജ് മാനേജിങ് കമ്മിറ്റി ഭാരവാഹികളായ ആസ്പിൻ അഷ്റഫ്, അഡ്വ. നവാസ് കാട്ടകത്ത്, മുഷ്താഖ് മൊയ്തീൻ, പ്രിൻസിപ്പൽ ഡോ. റീനാ മുഹമ്മദ്, മുൻ പ്രിൻസിപ്പൽ ഡോ. എ. ബിജു, ഡോ. കെ.പി. സുമേധൻ തുടങ്ങിയവർ സ്വീകരിച്ചു.



അസ്മാബി കോളജിലെത്തിയ നാക് അക്രഡിറ്റേഷൻ സംഘത്തെ സ്വീകരിക്കുന്നു